LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ താഴെ കൊടുക്കുന്നു :

1. ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മാണം
2. പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതി
3. മലയോര റോഡുകളുടെ പുനരുദ്ധാരണം
4. സഹ്യശ്രീ സ്വയം തൊഴിൽ പദ്ധതി
5. പഴം പച്ചക്കറി വികസന പദ്ധതി

മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) 1. പഴം പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിന് കാഞ്ഞങ്ങാട്, പരപ്പ എന്നീ ബ്ലോക്ക് പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

അടങ്കൽ തുക :

1. കാഞ്ഞങ്ങാട് ബ്ലോക്ക്	-	26 ലക്ഷം
2. പരപ്പ ബ്ലോക്ക്	-	26 ലക്ഷം

ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന ചെക്ക്ഡാം നിർമ്മിക്കുന്ന പദ്ധതി

42 (1475) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി മുഖേന ചെറിയ അരുവികളിൽ ചെക്ക്ഡാം നിർമ്മിക്കുന്ന പദ്ധതികൾക്കായി 2013-14, 2014-15 കാലയളവിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ കാസർകോട് ജില്ലയിലെ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലെ ഏതെല്ലാം പദ്ധതികൾക്ക് എന്ത് തുക വീതം അനുവദിച്ചുവെന്ന് വിശദമാക്കാമോ ;

(സി) പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി മുഖേന ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മിക്കുന്ന പദ്ധതികൾക്കായി 2013-14-ൽ 17,47,40,736 രൂപയും 2014-15 കാലയളവിൽ 3,93,01,838 രൂപയും ഉൾപ്പെടെ ആകെ 21,40,42,574 രൂപ നാളിതുവരെ ചെലവഴിച്ചു.

(ബി) ചെറിയ അരുവികളിൽ ചെക്ക് ഡാം നിർമ്മിക്കുന്ന പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ മലയോര വികസന ഏജൻസിവഴി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2013-14-ൽ തെരെഞ്ഞെടുത്തിരുന്ന തൃക്കരിപ്പൂർ, കാഞ്ഞങ്ങാട് എന്നീ നിയോജക മണ്ഡലങ്ങളിലെ പഞ്ചായത്തുകളിൽ നിന്ന് പ്രൊപ്പോസലൊന്നും ലഭിക്കാത്തതിനാൽ ഒരു പ്രവൃത്തിക്കും 2013-14-ൽ മലയോര വികസന ഏജൻസിയിൽനിന്നും ഇക അനുവദിച്ചിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്തിട്ടുള്ള തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ ഈസ്റ്റ് എളേരി പഞ്ചായത്തിൽ 3 റോഡുകളും (60 ലക്ഷം രൂപ), കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കിനാനൂർ-കരിന്തളം, ബളാൽ, പനത്തടി എന്നീ പഞ്ചായത്തുകളിലായി 5 റോഡുകളും (95 ലക്ഷം രൂപ) വെസ്റ്റ് എളേരി പഞ്ചായത്തിൽ ഒരു ചെക്ക് ഡാം (15 ലക്ഷം) പദ്ധതിയും നബാർഡിന്റെ ആർ.ഐ.ഡി.എഫ്./സംസ്ഥാന ആവിഷ്കൃത പദ്ധതികൾവഴി പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഗ്രാമവികസന വകുപ്പിൻകീഴിലെ വികസന പരിശീലന കേന്ദ്രങ്ങൾ

43 (1476) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമ വികസന വകുപ്പിൻ കീഴിൽ വികസന പരിശീലന കേന്ദ്രങ്ങൾക്ക് (ETC) കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ധനസഹായം ഏത് മേഖലയിൽ എന്ത് ഇകയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ ETC-കൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ ധനസഹായം നൽകുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് എന്ത് ഇക വീതം നൽകുന്നുണ്ട് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.